| പതിമൂന്നാം കേരള നിയമസഭ | | | |
|---|---|---|---|
| **പതിനാറാം സമ്മേളനം** | | | |
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3308** | | **24/02/2016 ൽ മറുപടിക്ക്** | |
| **വിജിലൻസ് സംവിധാനത്തേയും കേസ് അന്വേഷണത്തിലെ വീഴ്ചകളേയും സംബന്ധിച്ച് കോടതികളുടെ വിമർശനങ്ങൾ** | | | |
| **ചോദ്യം** | | **മറുപടി** | |
| **ശ്രീ.എ.കെ.ബാലൻ**<br>**ശ്രീ.പി.ശ്രീരാമകൃഷ്ണൻ**<br>**ശ്രീ.ജി.സുധാകരൻ**<br>**ശ്രീ.എം.ഹംസ** | | **ശ്രീ.രമേശ് ചെന്നിത്തല**<br>**(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിജിലൻസ് സംവിധാനത്തേയും കേസ് അന്വേഷണത്തിലെ വീഴ്ചകളേയും സംബന്ധിച്ച് കേരള ഹൈക്കോടതിയും വിജിലൻസ് കോടതികളും ഓപ്പൺ കോടതിയിൽ വാങ്മൂലം പരസ്യമായി നടത്തിയിട്ടുള്ള വിമർശനങ്ങൾ, മാധ്യമങ്ങൾ പി.ആർ.ഡി. വഴിയും, കോടതികളിലെ സർക്കാർ ഭാഗം അഭിഭാഷകരിലൂടെയും റിപ്പോർട്ടു ചെയ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെടാറുണ്ടോ; | (എ) | കോടതി ഉത്തരവിലെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പി.ആർ.ഡി. ശേഖരിക്കുന്ന ഇത്തരം വാർത്തകളുടെ ക്ലിപ്പിംഗ്സ് അതാത് ദിവസം ആഭ്യന്തര വകുപ്പ് മന്ത്രിക്ക് ലഭ്യമാക്കാറുണ്ടോ; ആയത് വിജിലൻസ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെടാറുണ്ടോ; | (ബി) | പത്രങ്ങളിൽ വരുന്ന വാർത്തകളിൽ ബഹു.മന്ത്രിമാരുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടവ പി.ആർ.ഡി വകുപ്പിൽ നിന്നും സ്കാൻ ചെയ്ത് സെക്രട്ടറിയേറ്റിലെ 'ഷെയേർഡ് നെറ്റ് വർക്കിൽ' ലഭ്യമാക്കുന്നുണ്ട്. ആയവ വിജിലൻസ് വകുപ്പിന് നേരിട്ട് ലഭ്യമാക്കുന്നില്ല. |
| (സി) | ബഹുമാനപ്പെട്ട കോടതികളുടെ വിമർശനങ്ങൾ കോടതി ഉത്തരവുകളിലൂടെയുള്ളവായോ, കോടതികൾ വാങ്മൂലം നല്കുന്നവയോ, ഏത് നിലയിലുള്ളതായാലും, അവ ഉൾക്കൊണ്ട് പ്രവർത്തിക്കാനുള്ള ജാഗ്രത ഉണ്ടാകുമോ; വിശദാംശം വെളിപ്പെടുത്താമോ ? | (സി) | കോടതി ഉത്തരവുകളിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സ്വീകരിക്കേണ്ട വിഷയങ്ങൾ ജാഗ്രതയോടെ നടപ്പിലാക്കിവരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**